(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

**പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കൽ**

22(2378) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തിയായ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും 'റൈറ്റ് ഓഫ് വേ' (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കാനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ വലിയൊരു അളവുവരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തുണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടുകൂടി റോഡുകൾ വെട്ടി പൊളിക്കുമ്പോൾ ഇവ നികത്തുന്നതിനാവശ്യമായ റീസ്റ്റോറേഷൻ ചാർജ് അംഗീകരിച്ച നിരക്കുകൾ പ്രകാരം ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് ഈടാക്കി റെസ്റ്റോറേഷൻ പ്രവൃത്തികൾ ഏർപ്പാട് ചെയ്യുന്നതിനാൽ ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന് നഷ്ടമൊന്നും സംഭവിക്കുന്നില്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കിഫ്ബി പദ്ധതികളിലൂടെ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചു കൊണ്ടിരിക്കുന്ന റോഡുകളടക്കമുള്ള പൊതുമരാമത്ത് പ്രവൃത്തികൾ 2021-22 സാമ്പത്തിക വർഷം മുതൽ പൊതുമരാമത്ത് വകുപ്പിൽനിന്നും മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ ആയതിന്റെ കാരണമെന്താണെന്നാണ് പൊതുമരാമത്ത് വകുപ്പ് കരുതുന്നത്; വ്യക്തമാക്കുമോ?

കിഫ്ബിയിലുൾപ്പെടുന്ന വൻകിട റോഡുനിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽത്തന്നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കെ.ആർ.എഫ്.ബി. (പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലാ തലത്തിൽ കെ.എർ.എഫ്.ബി.-യുടെ നിർവ്വഹണ കാര്യാലയങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനുവേണ്ടിയാണ് ഇത്തരത്തിലൊരു സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

**ചേർത്തല-കഴക്കൂട്ടം റോഡ് വികസനം**

23(2379) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസനത്തിന്റെ ഭാഗമായി ചേർത്തല-കഴക്കൂട്ടം റോഡ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ എന്നാണാരംഭിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ കൺസൾട്ടന്റുമായി 3-8-2016-ന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

(ബി) റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടത്തേണ്ടതുണ്ടോയെന്നറിയിക്കാമോ;

(സി) ആകെ എത്ര വില്ലേജുകളിലായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇതിനോടകം എത്ര ഭൂമി ഏറ്റെടുത്തുവെന്നും ഇനിയും എത്ര ഭൂമിയാണ് ഏറ്റെടുക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) ഏതൊക്കെ വില്ലേജുകളിലെ എത്ര ഭൂമിയാണ് ഏറ്റെടുക്കാനുള്ളതെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly